To
E-Mails
Vmm/PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471-2529145

# പത്രക്കുറിപ്പ്

തീയതി: 01.10.2020

**വന്യജീവി വാരാഘോഷത്തിന് ഇന്ന് (ഒക്ടോ.2) തുടക്കം**

വനം വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സംസ്ഥാന തല വന്യജീവി വാരാഘോഷത്തിന് ഇന്ന് (ഒക്ടോ.2) തുടക്കമാകും. പരിപാടികളുടെ ഉദ്ഘാടനം തിരുവനന്തപുരം വനംവകുപ്പ് ആസ്ഥാനത്ത് രാവിലെ 11ന് നടക്കുന്ന വീഡിയോ കോൺഫറൻസിലൂടെ വനം മന്ത്രി അഡ്വ കെ രാജു നിർവഹിക്കും. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഡിജിറ്റൽ പ്ളാറ്റ് ഫോമുകൾ ഉപയോഗിച്ചാണ് ഇത്തവണത്തെ വന്യജീവി വാരാഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളത്.

മുഖ്യവനംമേധാവി പി.കെ.കേശവൻ അദ്ധ്യക്ഷനായ ചടങ്ങിൽ . ചടങ്ങിൽ അരണ്യം പ്രത്യേക വന്യജീവി പതിപ്പ്, ഉഷാ രാജഗോപാൽ രചിച്ച സൂ ഇൻ മൈ ബാക്ക്യാർഡ് എന്ന പുസ്തകം, പാമ്പുപിടുത്തത്തെകുറിച്ചുള്ള മാനുവൽ എന്നിവയുടെ പ്രകാശനം വനം മന്ത്രി നിർവഹിക്കും. വെൽഡ്ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ ഡയറക്ടർ വിവേക് മേനോൻ രാജ്യത്തെ വന്യ ജീവിസംരക്ഷണത്തെകുറിച്ച് മുഖ്യപ്രഭാഷണം നടത്തും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, പി.സി.സി.എഫ് ദേവേന്ദ്രകുമാർ വർമ്മ,സി സി എഫ് അനൂപ് കെ ആർ തുടങ്ങിയവർ പങ്കെടുക്കും.

വരാചരണത്തോടനുബന്ധിച്ച് എല്ലാ ജില്ലകളിലും വിവിധ വിഷയങ്ങളെ അധികരിച്ചുള്ള വെബിനാറുകളും സംഘടിപ്പിക്കും. വന്യജീവി വാരാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും കടുവാസങ്കേതങ്ങളിലും ഒക്ടോബർ 2 മുതൽ എട്ടുവരെ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാക്കിയിട്ടുണ്ട്. വാരാഘോഷ പരിപാടികൾ എട്ടിന് സമാപിക്കും. വന്യത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കുമായി വനംവകുപ്പ് നടത്തിയ വിവിധ മത്സരങ്ങളുടെ ഫലങ്ങൾ സമാപനച്ചടങ്ങിൽ പ്രഖ്യാപിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ